**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 759** 29.09.2016- ൽ മറുപടിക്ക്

**മുടപ്പല്ലൂർ-മംഗലംഡാം റോഡ് നിർമ്മാണം**

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ. കെ.ഡി. പ്രസേനൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലംഡാം റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മുടപ്പല്ലൂർ-മംഗലംഡാം റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയിക്കാമോ;<br>(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡ് നിർമ്മാണത്തിന് 14.07.2009-ലെ സ.ഉ (സാധാ) നം. 1045/2009/പൊ.മ.വ -ൽ ഉൾപ്പെടുത്തി 525 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 532 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന M/s. ഏബിൾ ഗ്രൂപ്പ് ട്രേഡിംഗ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ രണ്ടു തവണ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ 24.01.2014-ന് നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്ന് നീക്കം ചെയ്യുകയുണ്ടായി. ബാക്കി പ്രവൃത്തിക്ക് 3 തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും വളരെ കൂടിയ നിരക്കിലുള്ള ദർഘാസുകൾ മാത്രമാണ് ലഭ്യമായത്. 15.03.2016-ന് വീണ്ടും ടെണ്ടർ ക്ഷണിച്ചപ്പോൾ 3 ദർഘാസുകൾ ലഭിക്കുകയുണ്ടായി. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ 78.90% അധിക നിരക്കിലുള്ള ദർഘാസ്, ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ